**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2112 11.02.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്.

# കാരുണ്യ ബനവലന്റ് ഫണ്ട് ധനസഹായം

| ചോദ്യം<br>ശ്രീ.എം. സി. കമറുദ്ദീൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഇതര സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കായി കാരുണ്യ ബനവലന്റ് ഫണ്ട് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സർക്കാർ/സഹകരണ ആശുപത്രികളിലും, പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ചികിത്സ നടത്തുന്നതിനാണ് സംസ്ഥാനത്ത് നേരത്തേ നിലനിന്നിരുന്ന കാരുണ്യ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിരുന്നത്. ഇതര സംസ്ഥാനത്തെ ആശുപത്രികളിലെ ചികിത്സയ്ക്ക് ചികിത്സസഹായം അനുവദിയ്ക്കാൻ വ്യവസ്ഥയില്ല. എങ്കിലും അടിയന്തിര സാഹചര്യത്തിൽ അന്യ സംസ്ഥാനത്തെ ആശുപത്രികളിൽ ചികിത്സ നടത്തിയവർക്ക് സംസ്ഥാനതല സമിതി യോഗ തീരുമാന പ്രകാരം പ്രത്യേക ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടിയ രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടിയ രണ്ടുപേർക്ക് പ്രത്യേക ചികിത്സാധനസഹായം നേരത്തേ നിലനിന്നിരുന്ന കെ.ബി.എഫ്.പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ